Mangalam

11 June 2016

# മലബാർ സിമെന്റ്സ് ചേർത്തല പ്ലാന്റിൽ വിപണനം നിർത്തി

■ എൻ. രമേഷ്

പാലക്കാട്

മലബാർ സിമെന്റ്സിന്റെ ചേർത്തല പ്ലാന്റിൽ സിമെന്റ് വിപണനം താൽക്കാലികമായി നിർത്തി. മായം ചേർത്ത സിമെന്റ് വിപണിയിലെത്തിക്കുന്നു എന്ന പരാതിയെത്തുടർന്ന് ചേർത്തല പ്ലാന്റിലും ആലുവയിലെ ഗോഡൗണിലും പരിശോധന നടത്തിയ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സ് ഉദ്യോഗസ്ഥരുടെ നിർദേശ പ്രകാരമാണ് നടപടിയെന്നു സൂചനയുണ്ട്. ഇക്കാര്യത്തിൽ കമ്പനി പ്രതികരണത്തിനു തയാറായില്ല. വിപണനം മരവിപ്പിച്ച നിലയ്ക്ക് ഉൽപ്പാദനവും താൽക്കാലികമായി നിർത്തിയതായാണു വിവരം.

സിമെന്റ് വാങ്ങി സിമെന്റ് നിർമിച്ചതായി കഴിഞ്ഞ ഏപ്രിലിൽ കമ്പനിക്കെതിരേ ഉയർന്ന അഴിമതി ആരോപണങ്ങൾക്കു തടയിടാനായി ലക്ഷങ്ങൾ ചെലവിട്ട് പ്രസിദ്ധപ്പെടുത്തിയ പരസ്യത്തിൽ മലബാർ സിമെന്റ്സ് വിശദീകരിച്ചിരുന്നു. സിമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നു വാങ്ങിയ സിമെന്റ് ഫ്ളൈആഷുമായി ചേർത്ത് പ്രോസസ് ചെയ്ത് പി.പി. സിയായി വിൽപ്പന നടത്തുന്നതായാണ് പരസ്യത്തിൽ പറഞ്ഞത്.

സിമെന്റും ഫ്ളൈആഷും ചേർത്ത് സിമെന്റ് നിർമിക്കാൻ ലൈസൻസോ അനുമതിയോ കമ്പനിക്കില്ല. ക്ലിങ്കറും ഫ്ളൈആഷും ചേർത്ത് സിമെന്റ് നിർമിക്കാനുള്ള ലൈസൻസാണ് മലബാർ സിമെന്റ്സിനുള്ളത്. സിമെന്റ് വാങ്ങി പൊടിച്ച് പി.പി.സിയാക്കുന്ന ഒരു വ്യവസായശാലയും ഇന്ത്യയിലില്ല.

ഇതിനു വിരുദ്ധമായി സിമെന്റിൽ ഫ്ളൈആഷ് ചേർക്കുന്നത് മായം ചേർക്കൽ നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യമാണെന്നു ചൂണ്ടിക്കാട്ടി വിഷയം പുറത്തുകൊണ്ടുവന്നത് മംഗളം ആണ്. ഇതോടെ കമ്പനിക്കെതിരേ പരാതി ഉയർന്നു. ഹൈക്കോടതിയിൽ പരാതി വന്നതിനെത്തുടർന്ന് അഭിഭാഷക കമ്മിഷനെ നിയോഗിച്ച് ഗോഡൗണിൽ പരിശോധന നടത്തി. സി.സി.ഐയിൽ നിന്നും വാങ്ങിയ സിമെന്റ് സൂക്ഷിച്ച ആലുവയിലെ ഗോഡൗണിലും ഇത് ഫ്ളൈആഷുമായി ചേർത്ത് പൊടിക്കുന്ന ചേർത്തല പ്ലാന്റിലും പരിശോധന നടത്തിയ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സ് അധികൃതർ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതു വരെ അവിടെ നിന്നുള്ള വിപണനം നിർത്തിവയ്ക്കാൻ നിർദേശിച്ചതായാണ് വിവരം.

അറ്റകുറ്റപ്പണികളുടെ ഭാഗമായി ഉത്പ്പാദനവും വിതരണവും നിർത്തിയതായി കാണിച്ച് ഇന്നലെ ഉച്ചയ്ക്ക് പായ്ക്കിങ് പ്ലാന്റിനു മുന്നിൽ ബോർഡ് സ്ഥാപിച്ചതായി തൊഴിലാളികൾ പറയുന്നു. കമ്പനിയെ പ്രതിസന്ധിയിലാക്കിയ സാഹചര്യം സൃഷ്ടിച്ച മാനേജിങ് ഡയറക്ടർക്കെതിരേ നടപടി ആവശ്യപ്പെട്ട് സി.ഐ.ടി.യു. വിഭാഗം തൊഴിലാളികൾ സർക്കാരിനെ സമീപിച്ചതായി സൂചനയുണ്ട്.